(ബി) എങ്കിൽ ഇതിന്റെ കൺസൾട്ടൻസിയായി ആരെയാണ് നിയമിച്ചത് ;

(സി) ഈ പദ്ധതിയിൽ പൊതുമരാമത്ത് വകുപ്പിന്റെ പങ്ക് എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 1600 കി. മീ. റോഡുകൾ വികസിപ്പിക്കുന്നതിനായി ലോകബാങ്ക് ധനസഹായത്തോടെ ഒരു പദ്ധതി (K.S.T.P.) സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ട്.

(ബി) ലൂയി ബർജർ ഇന്റർനാഷണൽ.

(സി) സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രോജക്ട് മാനേജ്മെന്റ് ടീമാണ് ഈ പദ്ധതിയുടെ നടത്തിപ്പു ചുമതല വഹിക്കുന്നത്.

**ജില്ലാ റോഡുകൾ ഗതാഗതയോഗ്യമല്ലാതായിരിക്കുന്ന അവസ്ഥ**

**42 (3601)** ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷം ആരംഭിച്ചതിനുശേഷം സംസ്ഥാനത്തെ പ്രധാനപ്പെട്ട ജില്ലാ റോഡുകൾ കുണ്ടും കുഴിയും നിറഞ്ഞ് ഗതാഗതയോഗ്യമല്ലാതായിരിക്കുന്നതും തൻമൂലം അപകടം ഉണ്ടാകുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാലവർഷാരംഭത്തിൽ വർഷംതോറും ഉണ്ടാകുന്ന ഈ അവസ്ഥയ്ക്ക് ശാശ്വത പരിഹാരം ഉണ്ടാകുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കാലവർഷക്കെടുതിമൂലം കേടുവന്ന റോഡുകളുടെ കുഴികൾ അടച്ച് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രധാനപ്പെട്ട ജില്ലാ റോഡുകളിൽ BM&AC വർക്കുകൾ നടത്തി കുണ്ടും കുഴിയും വരാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നഗരങ്ങളിലെ റോഡുകൾ വീതി വർദ്ധിപ്പിക്കുന്നതിന് നടപടി**

**43 (3602)** ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ റോഡുകൾ, വർദ്ധിച്ചുവരുന്ന വാഹന ഗതാഗതത്തിന് പര്യാപ്തമല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly